**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2515** **06-10-2025-ൽ മറുപടിയ്ക്ക്**

**<u>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡ് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. പി. പി. സുമോദ് (മുഖ്യമന്ത്രി)

**(എ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡ് നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 01/11/2016 തീയതിയിലെ GO (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ച കഴനി - പഴമ്പാലക്കോട് റോഡ് പ്രവൃത്തിക്ക് 16/03/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 32.89 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. എന്നാൽ പ്രസ്തുത റോഡിലെ വാഹന സാന്ദ്രതയ്ക്ക് അനുസൃതമായി റോഡ് വികസിപ്പിക്കുന്നതിന് കിഫ്ബി മാനദണ്ഡ പ്രകാരം ആവശ്യമായ റൈറ്റ് ഓഫ് വേ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി കിഫ്ബി ഫണ്ടിംഗിൽ നിന്നും ഒഴിവാക്കുന്നതായി 31/12/2021-ലെ അർദ്ധ ഔദ്യോഗിക കത്ത് മുഖേന പൊതുമരാമത്ത് വകപ്പ് സെക്രട്ടറിയെ അറിയിച്ചിരുന്നു. തുടർന്ന് ഈ പ്രവൃത്തി Full Depth Reclamation (FDR) സാങ്കേതിക വിദ്യയിൽ നവീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB കിഫ്ബിക്ക് ശിപാർശ നൽകിയിരുന്നെങ്കിലും, സ്ഥല ലഭ്യതയ്ക്ക് ബുദ്ധിമുട്ടുള്ളതിനാൽ ആയത് പരിഗണിയ്ക്കാനാവില്ലെന്ന് മറുപടി നൽകിയിരുന്നു.

ഇപ്രകാരം കിഫ്ബി ഫണ്ടിംഗിൽ നിന്ന് പ്രവൃത്തി ഒഴിവാക്കിയതിനാൽ 27.04.2022-ന് റോഡ് അറ്റകുറ്റ പണികൾക്കും തുടർനടപടികൾക്കുമായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കൈമാറിയതായി നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കിഫ്ബി ഫണ്ടിംഗിൽ നിന്നും ഒഴിവാക്കുന്നതിൽ ബഹു. എം.എൽ.എ-യുടെ വിയോജിപ്പ് കിഫ്ബിയെ അറിയിച്ചതിനെ തുടർന്ന് ട്രാഫിക് ഡാറ്റ പുനർനിർണയം നടത്താൻ കിഫ്ബി KRFB-ക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിൻ പ്രകാരം KRFB സമർപ്പിച്ച പുതുക്കിയ ട്രാഫിക് ഡാറ്റ അവലോകനം നടത്തി 13.6 മീറ്റർ റൈറ്റ് ഓഫ് വേ ആവശ്യമാണെന്ന് കണ്ടെത്തിയിരുന്നു.

എന്നാൽ 13.6 മീറ്റർ റൈറ്റ് ഓഫ് വേ പ്രായോഗികമല്ലെന്ന ബഹു. എം.എൽ.എയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ റൈറ്റ് ഓഫ് വേ 12 മീറ്ററാക്കി ചുരുക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നെങ്കിലും, ആയതിനും സ്ഥലലഭ്യതയ്ക്ക് ബുദ്ധിമുട്ടുണ്ടാകാൻ സാധ്യതയുണ്ടെന്ന് ബഹു. എം.എൽ.എ അറിയിച്ചതിനെത്തുർന്ന് 10.50 മീറ്റർ റൈറ്റ് ഓഫ് വേയിൽ റോഡ് നവീകരിക്കുന്നത് സംബന്ധിച്ച് തത്വത്തിൽ തീരുമാനിച്ചിരുന്നു. തുടർന്ന് 10.5 മീറ്റർ റൈറ്റ് ഓഫ് വേ കിഫ്ബി മാനദണ്ഡ പ്രകാരം നിലവിലില്ലാത്തതിനാൽ 04.03.2024-ന് നടന്ന 47-ാമത് കിഫ്ബി ജനറൽ ബോഡിയുടെ അംഗീകാരത്തോടെ കഴനി - പഴമ്പാലക്കോട് റോഡ് 10.5 മീറ്റർ റൈറ്റ് ഓഫ് വേയിൽ നവീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB-ക്ക് നിർദ്ദേശം നൽകുകയും കിഫ്ബി TRC ടി

പ്രവർത്തിയുടെ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. കിഫ്ബി TRC തയ്യാറാക്കിയ ഡ്രാഫ്റ്റ് അലൈൻമെന്റ് പ്ലാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അഭ്യർത്ഥന പ്രകാരം KRFB അധികൃതരോടൊപ്പം സൈറ്റിൽ സംയുക്ത പരിശോധന നടത്തി, KRFB-യുടെ അഭിപ്രായങ്ങളും പരിഗണിച്ച് തയ്യാറാക്കിയ ഭൂമിയേറ്റെടുക്കലിനുള്ള പുതുക്കിയ അലൈൻമെന്റ് പ്ലാൻ 12/11/2024-ന് കിഫ്ബി TRC കെ.ആർ.എഫ്.ബിക്ക് സമർപ്പിച്ചിരുന്നു. അലൈൻമെന്റ് അന്തിമമായതിനാൽ അലൈൻമെന്റ് പ്ലാനിനൊപ്പം ഒരു കരട് ലോഞ്ചിറ്റ്യൂഡിനൽ സെക്ഷൻ ഡ്രോയിംഗും അഭിപ്രായത്തിനായി KRFB-ക്ക് സമർപ്പിച്ചിരുന്നെങ്കിലും പദ്ധതിയ്ക്ക് മറ്റ് ഫണ്ടുകളിലൂടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ നടക്കുന്നതിനാൽ തുടർന്നുള്ള ഘട്ടങ്ങൾ നിർത്തി വയ്ക്കുകയാണെന്ന് KRFB അറിയിക്കുകയാണുണ്ടായത്. ഇപ്രകാരം ലോഞ്ചിറ്റ്യൂഡിനൽ സെക്ഷൻ ഡ്രോയിംഗ് സംബന്ധിച്ച് KRFB യിൽ നിന്നും അഭിപ്രായം ലഭിക്കാത്തതിനാൽ റോഡ് സുരക്ഷാ ഡ്രോയിംഗ്, സ്ട്രിപ് പ്ലാൻ തുടങ്ങിയ മറ്റ് ഡ്രോയിംഗുകളുമായി മുന്നോട്ട് പോകാൻ കിഫ്ബി TRC-ക്ക് കഴിഞ്ഞിട്ടില്ല.

കിഫ്ബി TRC-യും KRFB-യും നടത്തിയ സംയുക്ത സൈറ്റ് വിസിറ്റിനും 12/11/2024-ന് KRFB-ക്ക് കിഫ്ബി TRC നൽകിയ റിവൈസ്ഡ് അലൈൻമെന്റ് പ്ലാനിനും ശേഷം അലൈൻമെന്റ് ഡ്രോയിങ് നേരത്തെ തന്നെ ഫൈനലൈസ് ചെയ്തിട്ടുള്ളതാണെന്നു, ഇത് സൈറ്റിൽ Right of Way കല്ലുകൾ സ്ഥാപിക്കുന്നത് പോലുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിന് ഉപയോഗിക്കാവുന്നതാണെന്നും കിഫ്ബി സാങ്കേതിക അവലോകന വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത അലൈൻമെന്റ് പ്രകാരം നിർവ്വഹണ ഏജൻസിക്ക് പദ്ധതിയുടെ പരിഷ്കരിച്ച DPR കിഫ്ബിയിൽ സമർപ്പിക്കാവുന്നതാണ്. ആയത് അവലോകനം നടത്തി ആവശ്യമെങ്കിൽ സൈറ്റ് വിസിറ്റ് ഉൾപ്പെടെ നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. തുടർന്ന് സാങ്കേതിക അനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**